प्रेस प्रकाशनी PRESS RELEASE

भारतीय रिज़र्व बैंक
RESERVE BANK OF INDIA

संचार विभाग, केंद्रीय कार्यालय, एस.बी.एस.मार्ग, मुंबई-400001
DEPARTMENT OF COMMUNICATION, Central Office, S.B.S.Marg, Mumbai-400001
फोन/Phone: 022 2261 0835 फैक्स/Fax: 91 22 22660358

वेबसाइट : www.rbi.org.in/hindi
Website : www.rbi.org.in
इ-मेल email: helpdoc@rbi.org.in

ജൂലൈ 12, 2019

**നോയിഡ (യുപി)യിലെ നോബിൾ സഹകരണ ബാങ്ക് ലിമിറ്റഡിനുമേൽ പിഴചുമത്തി**

1949-ലെ ബാങ്കിംഗ് റഗുലേഷൻ ആക്ട് (സഹകരണ സംഘങ്ങൾക്കുബാധകമാം വിധം) സെക്ഷൻ 47 A(1) (c), ഒപ്പം 46(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയിൽ നിക്ഷിപ്തമായ അധികാരം പ്രയോഗിച്ച് റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ നോയിഡ (യു.പി.) യിലെ നോബിൾ സഹകരണ ബാങ്കിനുമേൽ 1,00,000 രൂപ (രൂപ ഒരുലക്ഷം മാത്രം) യുടെ പണപ്പിഴ ചുമത്തി. ബാങ്ക്, കബളിപ്പിക്കൽ കേസുകൾ റിപ്പോർട്ടു ചെയ്യുന്നകാര്യത്തിലും അവയുടെ വർഗ്ഗീകരണത്തിന്റെ (Classification) കാര്യത്തിലുമുള്ള ആർബിഐ ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും, ലംഘിച്ചതിനാണ് ഈ പിഴ ചുമത്തിയത്.

റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ, സഹകരണ ബാങ്കിനു ഒരു കാരണംകാണിക്കൽ നോട്ടീസ് നൽകിയതിന്, ബാങ്ക് എഴുതിത്തയാറാക്കിയ മറുപടി സമർപ്പിച്ചു. കേസിലെ വസ്തുതകളും ബാങ്ക് സമർപ്പിച്ച മറുപടിയും നേരിട്ടുനൽകിയ വിശദീകരണങ്ങളും പരിഗണിച്ചതിൽ, ലംഘനങ്ങൾ സാരവത്താണെന്നും, പിഴചുമത്തേണ്ടത് ആവശ്യമാണെന്നുമുള്ള തിരുമാനത്തിൽ റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ എത്തുകയായിരുന്നു.

**യോഗേഷ് ദയാൽ**
ചീഫ് ജനറൽ മാനേജർ

**പ്രസ്സ് റിലീസ് 2019-2020/131**